I/121019/2023

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- അസിസ്റ്റൻറ് സർജൻ തസ്തികയിലെ സ്ഥലംമാറ്റം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- നം. ഇ.സി4-23528/2023/ആ.വ.ഡ തീയതി :04.12.2023

**<u>ഉത്തരവ് നം. ഇ.എ2-151/2023/ആ.വ.ഡ തീയതി :11-12-2023</u>**

തിരുവനന്തപുരം തോന്നയ്ക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ കൃത്യമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാമെഡിക്കൽ ഓഫീസിലെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിലെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ഡോ .പ്രാൺ എ സി (പെൻ .553869),ഡോ .രമാദേവി പി ഡി (പെൻ.785474) എന്നീ അസിസ്റ്റന്റ് സർജന്മാരെ ടി സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി സ്ഥലം മാറ്റുന്നതിന് പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കന്നു.ആയതിന്റെ അടിസ്ഥാനത്തിൽ ഡോ.പ്രാൺ എ സി യെ ആലപ്പുഴ ജനറൽ ആശുപത്രിയിലെ നിലവിൽ ഒഴിവുള്ള കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലേക്കും ഡോ .രമാദേവി പി ഡി യെ പ്രാഥമികാരോഗ്യ കേന്ദ്രം ചെട്ടികുളങ്ങര ആലപ്പുഴയിലെ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലേക്കും ഭരണപരമായ സൗകര്യാർത്ഥം സ്ഥലം മാറ്റി നിയമിച്ച് കൊണ്ടും,ടി മെഡിക്കൽ ഓഫീസർമാർക്ക് പകരം കുടുംബാരോഗ്യ കേന്ദ്രം തോന്നയ്ക്കലിലേക്ക് ഡോ .ലക്ഷ്മി പി എസ് ,(പെൻ .791041) അസിസ്റ്റന്റ് സർജൻ പ്രാഥമികാരോഗ്യ കേന്ദ്രം ഉമ്മന്നൂർ കൊല്ലം ,ഡോ :സോണി രാജ് (പെൻ .779752) അസിസ്റ്റന്റ് സർജൻ പ്രാഥമികാരോഗ്യ കേന്ദ്രം വള്ളിക്കോട് പത്തനംതിട്ട എന്നിവരെ ടി മെഡിക്കൽ ഓഫീസർമാരുടെ പൊതുസ്ഥലമാറ്റം 2023 ലെ അപേക്ഷയിലെ ഓപ്ഷന്റെ അടിസ്ഥാനത്തിലും സ്ഥലം മാറ്റി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു .

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗ്യ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാർ ,സ്ഥാപന മേധാവികൾ ,ജില്ലാമെഡിക്കൽ ഓഫീസർമാർ എന്നിവർ ഔദ്യോഗ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്

ടി ജീവനക്കാർ സ്ഥലം മാറ്റപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടിയന്തിരമായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതും .ജോയിനിംഗ് ആർ റ്റി സി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്

Signed by
Dr Reena K J
Date: 11-12-2023 20:47:14

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ജീവനക്കാർ

I/121019/2023

പകർപ്പ് :

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം,ആലപ്പുഴ ,കൊല്ലം ,പത്തനംതിട്ട
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി മേധാവികൾ
4. ഫയൽ/ കരുതൽ ഫയൽ